"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം; - മലപ്പുറം ജില്ല - വാഴക്കാട് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ദേവാനന്ദിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2952/2022/LSGD തീയതി,തിരുവനന്തപുരം, 30-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04/2015-ലെ ഇ10(എസ്സി53/14/എംപിഎം)18044/2014 നമ്പർ കത്ത്.
2. സർക്കാരിന്റെ 15/04/2016 ലെ 417/ഇപിബി3/15/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. കെ.പി. ദേവാനന്ദ് 18/07/2016 ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14/05/2019 ലെ ഡി4-519/2015 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
5. സ.ഉ.(സാധാ)നം.471/2021/തസ്വഭവ. തീയതി, 17/02/2021.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ ശ്രീ. എം.പി. മുസ്തഫയുടെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ച് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ കെ.പി.ബി.ആർ ചട്ടലംഘനങ്ങൾ നിലനിൽക്കെ ബിൽഡിംഗ് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട് മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. രവീന്ദ്രൻ, ശ്രീ. കെ.പി. ദേവാനന്ദ് എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ശ്രീ. രവീന്ദ്രന് കുറ്റപത്രവും ശ്രീ. കെ.പി.ദേവാനന്ദിനെതിരെ KSR Part III റൂൾ 3 (ബി) അനുസരിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നല്കി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ ക്രമക്കേടിനാധാരമായ നിർമ്മാണ പ്രവർത്തനം നടക്കുന്നത് 2010-11 കാലയളവിലാണെന്നും, ശ്രീ. കെ.പി.ദേവാനന്ദിനെതിരെ സർവ്വീസിലിരിക്കുമ്പോൾ തന്നെ അച്ചടക്ക നടപടി ആരംഭിക്കാത്ത സാഹചര്യത്തിൽ Rule 3(a) Part III, KSR പ്രകാരം നടപടി സ്വീകരിക്കാനാകില്ലെന്നും സംഭവം നടന്നു നാല് വർഷക്കാലയളവ് പിന്നിട്ടതിനാൽ Rule 3(b) Part III, KSR പ്രകാരമുള്ള നടപടികളും സ്വീകരിക്കാനാകാത്തതിനെ തുടർന്ന് ശ്രീ ദേവാനന്ദിനെതിരെയുള്ള അച്ചടക്കനടപടി നിർത്തിവയ്ക്കുകയും ശ്രീ രവീന്ദ്രനെതിരെ സർവ്വീസിലിരിക്കെ തന്നെ അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ചട്ടം 3(a) കെ.എസ്.ആർ. ഭാഗം III പ്രകാരം അച്ചടക്കനടപടി തുടരുകയും ചട്ടപ്രകാരം ഔപചാരിക അന്വേഷണം അടക്കമുള്ള നടപടികൾ പൂർത്തീകരിച്ച് വിജിലൻസിന്റെയും പി.എസ്.സി യുടേയും അംഗീകാരത്തോടെ ₹300/- രൂപ വീതം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും മൂന്ന് വർഷത്തേക്ക് കുറവ് വരുത്തിക്കൊണ്ട് പരാമർശം (5) പ്രകാരം തീർപ്പാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു.ശ്രീ.കെ.പി.ദേവാനന്ദിനെതിരെ **KSR Part III** റൂൾ **3** (ബി) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കി അച്ചടക്ക നടപടി ആരംഭിച്ചിരുന്നുവെങ്കിലും ആയത് ചട്ടപ്രകാരം നിലനില്ക്കുകയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ **KSR Part III** റൂൾ **59 (d)** പ്രകാരം പ്രതിമാസം **500/-** രൂപാ വീതം ആജീവനാന്തം കുറവു വരുത്തി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് ഉത്തരവായിരുന്നുവെങ്കിലും പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നില്ല. ശ്രീ.കെ.പി.ദേവാനന്ദ് **31.12.2012** ൽ വിരമിച്ചതിനാൽ **KSR Part III** റൂൾ **59 (d)** പ്രകാരം മാസപെൻഷനിൽ നിന്നും നിശ്ചിത തുക ആജീവനാന്തം കുറവു വരുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ.

മേൽ സാഹചര്യത്തിൽ ശ്രീ. രവീന്ദ്രന്റെ വിഷയത്തിൽ നടത്തിയ പരാമർശം (4) ലെ ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകൾ ശ്രീ.കെ.പി.ദേവാനന്ദിനും ബാധകമാണ്. ശ്രീ. രവീന്ദ്രന്റെ ഭാഗത്തു നിന്നും പരാമർശിത കെട്ടിടത്തിലെ മൂന്നാം നിലയിലെ അധിക നിർമ്മിതിക്ക് കെട്ടിട നമ്പർ അനുവദിച്ചതിൽ ജാഗ്രതക്കുറവ് സംഭവിച്ചതായി കാണാമെങ്കിലും, സാങ്കേതിക പരിജ്ഞാനമുള്ള ഓവർസീയരുടെ റിപ്പോർട്ടിനെ ആശ്രയിച്ചുകൊണ്ടു തന്നെ സമീപിച്ച പൊതുജനത്തിന് നിയമാനുസരണം നൽകേണ്ട സേവനം യഥാസമയം നൽകുന്നതിന് സെക്രട്ടറിയിൽ നിക്ഷിപ്തമായ ചുമതല ടിയാൻ നിറവേറ്റിയതിന് ടിയാനെ വിരമിച്ചതിനു ശേഷവും കുറ്റാരോപിതനായി നിലനിർത്തിയിരിക്കുന്ന നടപടിയെക്കുറിച്ചുള്ള ടിയാന്റെ വൈഷമ്യം പരിഗണിക്കപ്പെടേണ്ട സംഗതിയാണെന്നു കാണുന്നു എന്നും കൂടാതെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെ ആധാരമാക്കി തുടർനടപടി കൈക്കൊണ്ട സെക്രട്ടറിയുടെ നടപടി തികച്ചും സദുദ്ദേശപരമാണെന്ന് അനുമാനിക്കേണ്ട സാഹചര്യവും നിലവിലുണ്ട് എന്നും മേൽ വസ്തുതകൾ പരിഗണിച്ചും, ഈ ഔപചാരിക അന്വേഷണ വേളയിൽ ടിയാൻ സമർപ്പിച്ച വാദഗതികൾ വിലയിരുത്തിയതിൽ നിന്നും ടിയാന് കെട്ടിട നമ്പർ അനുവദിച്ചതിൽ മന:പൂർവം ചട്ടലംഘനം നടത്തുക എന്ന ഉദ്ദേശം നിലനിന്നിരുന്നുവെന്നുവെന്ന് കാണാൻ കഴിയുന്നില്ല.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിയിയിരുന്ന **31.12.2012** ൽ വിരമിച്ച ശ്രീ.കെ.പി.ദേവാനന്ദിനെതിരെ **KSR Part III** റൂൾ **59 (d)** പ്രകാരം മാസപെൻഷനിൽ നിന്നും നിശ്ചിതതുക ആജീവനാന്തം ഈടാക്കുന്ന ശിക്ഷ നല്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല. ആയതിനാൽ ടിയാനെ തുടർനടപടിയിൽ നിന്നും ഒഴിവാക്കുകയും, ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. കെ.പി. ദേവാനന്ദ്, മുൻ സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് ( യു.ഒ. റിമാർക്ക്സ് വിജി-ഡി3/129/2020-വിജി. തീയതി 15/11/2022 പ്രകാരം).
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഇപിബി3/417/2015/തസ്വഭവ. നമ്പർ ഫയലിൽ)*

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 30-11-2022 16:04:03**
സെക്ഷൻ ഓഫീസർ